<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>

(ഹാജർ : Seeram Sambasiva Rao IAS)

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീ.ജോജോ തോമസിൻറെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ OA(EKM) No.1348/2021 കേസിലെ 06.08.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉത്തരവ് നമ്പർ LSGD/585/2023-GEA3 തീയതി: 04-12-2024</u>**

പരാമർശം:

1) 04.08.2021 ലെ സ.ഉ.(സാധാ) നം.1466/2021/തസ്വഭവ
2) OA[EKM] No.1348/2021 -ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 06.08.2024 ലെ ഉത്തരവ്
3) 24.09.2024 ലെ ഉ.പ.സി.3/100/2024/പി&എ.ആർ.ഡി സർക്കുലർ
4) പഞ്ചായത്ത് ഡയറക്ടറുടെ 13.06.2013-ലെ എസ്1/14444/2013 നമ്പർ ഉത്തരവ്.
5) പഞ്ചായത്ത് ഡയറക്ടറുടെ 10.07.2017 ലെ ഇ6-44444/2016 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

നിലവിൽ കാസറഗോഡ് ജില്ലയിലെ കോടോം-ബേളൂർ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോജോ തോമസിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ കാസറഗോഡ് ജില്ലാ ആഫീസറുടെ **26.03.2010** ലെ നിയമന ശുപാർശ പ്രകാരം സാംസ്കാരിക വകുപ്പിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുകയും തുടർന്ന്, സാംസ്കാരിക വകുപ്പിൽ ജില്ലാ തല ഓഫീസുകൾ ഇല്ലാത്തതിനാൽ അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേന പഞ്ചായത്ത് വകുപ്പിൽ 12.03.2012-ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം ശ്രീ.ജോജോ തോമസിന് 12.03.2012 തീയതി അടിസ്ഥാനമാക്കിയാണ് ക്ലർക്ക് തസ്തികയിൽ സീനിയോറിറ്റി അനുവദിച്ചിരുന്നത്. നിയമന ശുപാർശ തിയതിയായ 26.03.2010 അടിസ്ഥാനമാക്കി സീനിയോറിറ്റി അനുവദിക്കണമെന്ന ശ്രീ.ജോജോ തോമസിൻറെ ആവശ്യം പരാമർശം (1) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. ആയതിനെതിരെ ശ്രീ.ജോജോ തോമസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൽ പരാമർശം (1) സർക്കാർ ഉത്തരവ് set aside ചെയ്യുകയും ശ്രീ.ജോജോ തോമസിന് പഞ്ചായത്ത് വകുപ്പിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ നിയമന ശുപാർശ തിയതി അടിസ്ഥാനമാക്കി സീനിയോറിറ്റിയ്ക്ക് അർഹതയുണ്ട് എന്ന് തീർപ്പുകല്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുനർനിർണയിച്ച് നൽകുവാൻ പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു. ജില്ലാതല റാങ്ക് പട്ടികകളിൽ നിന്നും ആസ്ഥാന കാര്യാലയങ്ങളിൽ നിയമിതരാകുകയും മാതൃ ജില്ലയിൽ ജില്ലാതല ഓഫീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് നിയമന ശുപാർശ തീയതി പ്രകാരമുള്ള

സീനിയോറിറ്റി സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച് പരാമർശം (3) പ്രകാരം സർക്കാർ വ്യക്തത വരുത്തിയിട്ടുമുണ്ട്.

പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തിയതി അടിസ്ഥാനമാക്കി ശ്രീ ജോജോ തോമസിനെ നിലവിൽ പരാമർശം (5) സീനിയോറിറ്റി ലിസ്റ്റിൽ (01.01.2012-31.12.2013) ക്രമ നമ്പർ 75 ആയിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ശ്രീ. ജോജോ തോമസിന് അഡ്വൈസ് തിയതി അടിസ്ഥാനമാക്കി സീനിയോറിറ്റിക്കു അർഹതയുണ്ടെന്ന് പരാമർശം (2) ഉത്തരവ് പ്രകാരം തീർപ്പുകല്പിച്ചിട്ടുള്ളതിനാലും സമാന സാഹചര്യങ്ങളിൽ നിയമനം ലഭിക്കുന്നവർക്ക് അഡ്വൈസ് സീനിയോറിറ്റി സംരക്ഷിച്ചു ലഭിക്കുമെന്നുള്ള പരാമർശം (3) സർക്കുലറിന്റെ അടിസ്ഥാനത്തിലും മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ.ജോജോ തോമസിൻറെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ടിയാളുടെ നിയമന ശുപാർശ തീയതിയായ **26.03.2010** അടിസ്ഥാനമാക്കി പരാമർശം (4) പ്രകാരമുള്ള സീനിയോറിറ്റിപട്ടികയിൽ (01.07.2008 - 31.12.2011) ക്രമ നം. 1118 ശ്രീമതി.സീന.എം-നും ക്രമ നം.1119 ശ്രീ. പി.എസ് ശ്രീനിവാസനും മധ്യേ ക്രമ നം. **1118A** ആയി ഉൾപ്പെടുത്തിയും പരാമർശം (5) സീനിയോറിറ്റി പട്ടികയിൽ ടിയാൾ ഉൾപ്പെട്ട ക്രമ നം.75 DELETED എന്ന് രേഖപ്പെടുത്തിയും ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ പരാമർശം (2) ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ജില്ലാ ജോയിൻറ് ഡയറക്ടർ, കാസറഗോഡ്
3. ശ്രീ.ജോജോ തോമസ്, സീനിയർ ക്ലർക്ക്, കോടോം-ബേളൂർ ഗ്രാമ പഞ്ചായത്ത് (ജില്ലാ ജോയിൻറ് ഡയറക്ടർ, കാസറഗോഡ് മുഖേന)
4. DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
5. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dinesan Cheruvat
Date: 05-12-2024 15:51:15